# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3338.

19/06/2019 -ൽ മറുപടിക്ക്

## പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിടനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും<br>ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| 7.36 കോടി രൂപയുടെ കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിരുന്ന പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണത്തിന്റെ തുടർ നടപടികൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ ? | പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലെ, കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് 27-03-2018 ലെ ജി.ഒ (ആർ.ടി) നമ്പർ 603/2018/ഉ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള SPV ആയി KITE നെ യാണ് ചുമതലപ്പെടുത്തിയിരുന്നത്.<br><br>എന്നാൽ, KIIFB പദ്ധതിയുമായി ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒട്ടനവധി പ്രവൃത്തികൾക്ക് KITE SPV യായത് കാരണം കോളേജുകളിലെ നിർമ്മാണ പ്രവർത്തന പുരോഗതി മന്ദഗതിയിലാണെന്ന് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB സംബന്ധമായ നിർമ്മാണ നിർവ്വഹണം, KITCO, KSITIL എന്നീ ഏജൻസികളെ കൂടി SPV ആയി നിശ്ചയിച്ച് പദ്ധതികൾ വേഗത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ, 13-03-2019-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവർത്തികളിൽ KSITIL, KITCO, എന്നീ സ്ഥാപനങ്ങളെ കൂടി SPV ആയി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ